11286
4/9/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി - ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.522/15/സാനീവ തിരുവനന്തപുരം, തീയതി.18.08.2015

==========================================================================

പരാമർശം:- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 24.09.2013, 22.03.2014 എന്നീ തീയതികളിലെ ജി3/14843/11 നമ്പർ കത്തുകൾ.

**ഉത്തരവ്**

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവിൽ അലഞ്ഞുതിരിയുന്നവർക്ക് സംരക്ഷണം നൽകുന്ന 'ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി' പ്രകാരം ഒരു അന്തേവാസിക്ക് നിലവിൽ നൽകിവരുന്നത് 750/- രൂപയാണ്. വർദ്ധിപ്പിച്ച ജീവിതചെലവുള്ളതു നിമിത്തം ഈ തുക അപര്യാപ്തമാണെന്നും ആയത് 1500/- രൂപയായി വർദ്ധിപ്പിക്കണമെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന (ദുർബലജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നപദ്ധതി) ധനസഹായ തുക പ്രതിമാസം 750/- രൂപയിൽ നിന്നും 1500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായി വരുന്ന തുക 2235-60-200-83 (പി) യിൽ നിന്ന് അനുവദിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ. ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (43165/ww2/15/ധന. നമ്പർ പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കരുതൽ ശേഖരം, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ